**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5721** **08-11-2021 - ൽ മറുപടിയ്ക്ക്**

**ഗുരുവായൂർ മണ്ഡലത്തിലെ ചിങ്ങനാത്ത് പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | **Shri K N Balagopal**<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഗുരുവായൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന ചിങ്ങനാത്ത് പാലത്തിന്റെ നിർമ്മാണത്തിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (എ) | ഗുരുവായൂർ നിയോജക മണ്ഡലത്തിലെ കിഫ്ബി പദ്ധതിയായ ചിങ്ങനാത്ത് പാലം പദ്ധതിക്ക് 30.77 കോടി രൂപയുടെ ധനാനുമതി 10-11-2020 ൽ കിഫ്ബി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി 2017-18 ലെ ബജറ്റ് പ്രസംഗത്തിലാണ് കിഫ്ബി പദ്ധതിയായി പ്രഖ്യാപിച്ചത്. തുടർന്ന് പദ്ധതിയുടെ എസ്.പി.വി യായ കേരള റോഡ് ഫണ്ട് ബോർഡ് പദ്ധതിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിക്കുകയും അത് അവലോകനം നടത്തി അതിലെ ന്യൂനതകൾ പരിഹരിച്ച് ധനവകുപ്പ് മന്ത്രി അദ്ധ്യക്ഷനായ എക്സിക്യൂട്ടീവ് കമ്മിറ്റി മുൻപാകെ സമർപ്പിച്ചാണ് പദ്ധതിക്ക് ധനാനുമതി നൽകിയിട്ടുള്ളത്. |
| (ബി) | പ്രസ്തുത പാലം നിർമ്മാണത്തിന് കാലതാമസം വന്നതിന്റെ കാരണങ്ങൾ വിശദീകരിക്കാമോ; | (ബി) | പ്രസ്തുത പദ്ധതിക്ക് ധനാനുമതി നൽകുമ്പോൾ പ്രവൃത്തി ആരംഭിക്കുന്നതിന് മുൻപായി ജംഗ്ഷൻ ഡിസൈനിലും അലൈൻമെന്റിലും ആവശ്യമായ തിരുത്തലുകൾ നിർദ്ദേശിച്ചിരുന്നു. അത് പരിഹരിച്ചു വരുന്നതായി എസ്.പി.വി അറിയിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് 8.10 കോടി രൂപയുടെ ഭൂമിയേറ്റെടുപ്പ് തുക ഉൾപ്പെടുത്തിയാണ് ധനാനുമതി നൽകിയിട്ടുള്ളത്. പദ്ധതിയുടെ സ്ഥലമേറ്റെടുപ്പ് കൂടി പൂർത്തിയാകുന്ന മുറയ്ക്ക് പദ്ധതിക്ക് സാങ്കേതികാനുമതി നല്കി തുടർന്ന് ടെണ്ടർ ചെയ്ത് സമയബന്ധിതമായി നടപ്പിലാക്കുന്നതാണ് എന്ന് എസ്.പി.വി അറിയിച്ചിട്ടുണ്ട് |
| (സി) | ഗുരുവായൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നടത്തുന്ന മുഴുവൻ പ്രവൃത്തികളുടെയും വിശദവിവരങ്ങൾ പദ്ധതി, പുരോഗതി എന്നിവ സഹിതം വ്യക്തമാക്കാമോ? | (സി) | ഗുരുവായൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി ധനാനുമതി നൽകി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

5721

## അനുബന്ധം

| Sl. No. | Department Name | Project Name | Project Outlay (Rs. In Crore) |
|---|---|---|---|
| 1 | Fisheries & Ports | Construction of groynes on southern side of estuary of Chettuva Fishing harbour | ₹ 6.86 |
| 2 | PWD | Guruvayoor Kizhakkenada ROB | ₹ 23.45 |
| 3 | General Education | Chavakkad Manathala Govt. H.S.S | ₹ 4.85 |
| 4 | General Education | Kochanoor Govt. H.S.S | ₹ 3.00 |
| 5 | Water Resources | Augmentation of CWSS to Nattika Firka Phase I (includes multiple constituencies - NATTIKA, KAIPAMANGALAM, MANALUR, GURUVAYOOR) | ₹ 69.96 |
| 6 | Registration | Construction of Sub Registrar offices at - Andathodu | ₹ 1.33 |
| 7 | Fisheries & Ports | Government Fisheries Upper Primary School Manthalamkunnu | ₹ 0.69 |
| 8 | PWD | Construction of Chinganattukadavu bridge across Chavakkad Canoli in Guruvayur | ₹ 30.77 |
| 9 | General Education | Govt. H.S Kadikkad | ₹ 0.99 |